'കൎമ്മേല കുസുമ' ഗ്രന്ഥാവലി, നമ്പർ ൨.

പരിശുദ്ധ

# ദേവമാതാവിന്റെ വണക്കമാസ

# പാട്ടുകൾ.

(ഫാദർ സൈമൺ സി. ഡി. എഴുതിയതു്.)



MANANANM.

PRINTED AT THE ST. JOSEPH'S PRESS.

1921.

# Nihil obstat.

Fr. Alexander of St. Joseph C. D.,
Censor Deputatus,

# Imprimi potest.

Fr. Gabriel of St. Joseph,
Prior General T. O. C. D.

# Imprimatur.

† Thomas Kurialachery,
Bishop & Vic. Ap. of
Changanacherry.

*Changanacherry. 28. 7. '19.*

---

ഒന്നേമുക്കാലണയ്ക്കു തപാൽസ്റ്റാമ്പോ, രണ്ടേമുക്കാൽ ച
ക്രത്തിന്റെ അഞ്ചൽസ്റ്റാമ്പോ അയച്ചുതരുന്നവൎക്കു കൂലി തീൎത്തു പു
സ്തകം അയച്ചുകൊടുക്കും.

മാനേജർ, "കൎമ്മലകുസുമം"
മാന്നാനം.

# പ്രസ്താവന.

കൊച്ചീ സംസ്ഥാനത്തുള്ള അമ്പഴക്കാട്ടു വി. അമ്മത്രേസ്യായുടെ ആശ്രമമാണ് കേരളീയ കൎമ്മലീത്താ സഭയുടെ നവസന്യാസഭവനം. പ്രസ്തുത ആശ്രമത്തിൻെറ പുരോഭാഗത്തായി, നവസന്യാസികളുടെ വക ഒരു പൂന്തോട്ടവും, അതിൻെറ മദ്ധ്യത്തിൽ ദൈവജനനിയുടെ ഒരു ചെറിയ കപ്പേളയുമുണ്ട്. 'വനവാസകപ്പേള'യെന്നാണു അതിന്നു പേരു പറഞ്ഞുവരുന്നത്. പുതുസന്യാസികളെല്ലാവരും ദിവസത്തിൽ രണ്ടു പ്രാവശ്യം അവിടെച്ചെന്നു തങ്ങളുടെ പരിശുദ്ധ ജനനിയെ സന്ദൎശനം കഴിക്കുന്നതുകൂടാതെ, ആണ്ടുവട്ടത്തിൽ ചില പ്രധാന തിരുനാളുകളും അവരുടെ വകയായി അവിടെ ഘോഷിക്കാറുണ്ട്. എന്നാൽ ഇടവമാസത്തിലേ വണക്കമാസാഘോഷമാണ് 'വനവാസകപ്പേള'യിലേ എല്ലായിലും പ്രധാന ഘോഷം.

൧൯൦൯-ൽ ഞങ്ങളുടെ നവസന്യാസഗുരുവായിരുന്ന ബെ. ബെ. പീയൂസച്ചൻ, ആ കൊല്ലത്തെ വണക്കമാസത്തിനു ഓരോ പുതിയ പാട്ടുവീതം അന്നന്നു എഴുതിപ്പഠിച്ചു പാടണമെന്നു കല്പിക്കയും, അതിലേക്കു പ്രതിദിവസം കുറേനേരം നിശ്ചയിച്ചു തരികയും ചെയ്തു. അതനുസരിച്ചു അന്നെഴുതിയ ആ പാട്ടുകൾ ഇപ്പോഴും അവിടെ ഉപയോഗപ്പെടുത്തി വരുന്നു. മററു ചില സ്ഥലങ്ങളിലേക്കും അവ പകൎത്തിക്കൊണ്ടു പോകയും ഉണ്ടായിട്ടുണ്ട്. ഇങ്ങനെ പലൎക്കും പരിചിതങ്ങളായിത്തീൎന്നിട്ടുള്ള ഈ സ്തുതിപ്പുകൾ, "ക്രിസ്തീയ കീൎത്തനമാല" എന്നൊരു പുസ്തകത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിന്നു വേണ്ട അനുമതികളെല്ലാം വാങ്ങിവച്ചിട്ടു കുറേനാളായതാണ്. ഇവിടത്തെ അച്ചുക്കൂ

ടത്തിലേ ജോലിത്തിരക്കുകൾകൊണ്ട് ഇതേവരെ അതു് അച്ചടിച്ചുകിട്ടുന്നതിനു സാധിച്ചില്ലെന്നേയുള്ളൂ. ഏതായാലും വണക്കമാസപ്പാട്ടുകൾ തനിച്ചു "കുസുമ" ഗ്രന്ഥാവലി രണ്ടാംപുസ്തകമായി ഇതാ ഇപ്പോൾ പ്രസിദ്ധീകരിച്ചുകൊള്ളുന്നു. നമ്മുടെ പരിശുദ്ധ അമ്മ ഇതിനേ ആശീർവദിക്കയും, സ്വർഗ്ഗരാജ്യത്തിൽ സകല മോക്ഷവാസികളോടുകൂടെ അങ്ങേ സ്തുതികളേ പാടുന്നതിനു നമുക്കു ഇടവരുത്തുകയും ചെയ്യട്ടെ.

മാന്നാനം, ൧൦൮൫ മേടം ൨൯. } ഫാദർ സൈമൺ സി. ഡി.

# ദേവമാതാവിൻെറ

# വണക്കമാസപ്പാട്ടുകൾ.

## തലേനാൾ- പ്രാരംഭജപം.

(രാജകന്യകയേ എന്ന മട്ട്.)

പല്ലവി.

അമ്മയാം മറിയേ! തുണനീ വരണേ
അമ്മയാം മറിയേ!

ചരണങ്ങൾ.

1 വിരവൊടുനിജതിരുമാസമിതാ
ചേരുന്നുവന്നു പരമാനന്ദമേ
മുറയ്ക്കൊത്തപടിക്ക കൊണ്ടാടിടുവാൻ- അമ്മയാം.
2 ചെറുസുതരായിട്ടമിവരുനിൻെറ
കാരുണ്യവരമിഹ പ്രാപിക്കുവാൻ
പേരെഴും മാസത്തെ ഘോഷിക്കവേ- അമ്മയാം.
3 അനുപമസുഖമൊടു പരഗതിയിൽ
ആനന്ദിപ്പതിനുള്ള ദാനവും നീ.
കനിഞ്ഞീമാസത്തിൽ തരുവതിനു- അമ്മയാം.

## ൧ാം തിയതി, വിശ്വാസം.

(ലോക മാർയെരുസേല്ലം.)

1 വിശ്വാസത്തിൻ വിളക്കേ നീ
വിശ്വമൊക്കെതെളിക്കേണേ.
2 ബേസ്ലഹമ്മിൽ ദാരിദ്ര്യത്തിൽ
ജാതനായ പൈതലിനേ

3 സർവ്വലോകകർത്താവായ് നീ
വിശ്വസിച്ചപോൽ ഞങ്ങളും
4 സത്യസഭാചൊല്പടിയ്ക്കു
ഒത്തുചേർന്നു വാണുകൊൾവാൻ
5 കെല്പെഴുന്ന വിശ്വാസത്തെ
എല്ലോഴും നീ തന്നിടേണേ
6 വിശ്വാസമാം പോർച്ചട്ടയേ
കേടില്ലാതെ ധരിച്ചെന്നും
7 കർത്താവിനായ് യുദ്ധം ചെയ്വാൻ
നിത്യമമ്മേ! തുണയ്ക്കേണേ.

## ൨ ാം തിയതി, ശരണം.

(ദൈവത്തിൻെറ ഏകപുത്രൻ.)

1 ലോകത്തിൻെറ അന്ധകാരം
നീക്കിടും നീതി സൂര്യൻ
ആഗമിപ്പതറിയിച്ച
ഉഷസ്സിൻെറ താരമേ.
മക്കളായ മക്കളായ
മക്കളായ ഞങ്ങളിൽ
പുത്രനിലുള്ള ശരണം
നീക്കമററു ചിന്തണേ.

2 സല്പ്രതീക്ഷാനദിയൊക്കെ
ഇപ്രപഞ്ചത്തിൽനിന്നു
ക്ഷിപ്രമങ്ങൊഴുകിവീഴും
അപ്രമേയകടലേ! മക്കളായ-

3 ആരുമിൻെറ തുണയെന്യേ
ചേരുന്നമ്മേ! മോക്ഷത്തിൽ
ആരുമാശം പൂകുന്നു നിൻ
കാരുണ്യത്തെ തേടുവോർ—മക്ക

## ൩ ാം തിയതി, ദൈവസ്നേഹം.

(കാരുണ്യമാതാവേ)

1 ദൈവസ്നേഹാഖ്യമാം— സ്വർഗ്ഗീയതൈലത്തെ
ഭൂവതിലനുദിവസം— ചിന്തും
ദിവ്യരാജസ്ത്രീ നീ! മക്കടെമേലിതു
തൂകിപ്പൊഴിയണമേ!
2 ലോകമഖിലവും— തീയെരിയിച്ചിടാൻ
നാകത്തിൽനിന്നുവന്ന— ദിവ്യ

സ്റ്റേഹാഗ്നിതന്നുടെ— വാസമാംചൂളയേ
കത്തിക്കുക സുതരേ,

3 ദാഹിച്ചിട്ടുന്നോരു— നന്ദനരെയെല്ലാം
സ്നേഹത്തോടെ വിളിക്കും— മർത്ത്യ
രക്ഷകൻ തൻെറ തി— രുഹൃദയത്തോട്ടു
ചേർത്തിടണേയിവരേ.

4 നിത്യവും പൂച്ചിക— ദേവാലയത്തിൽ തീ
കാത്തുവന്നെന്നവിധം— നിൻെറ
പുത്രരാം ഞങ്ങടെ— ചിത്തദേവാലയേ
കത്തിക്കണേ ദഹനൻ.

## ൧൦ാം തിയതി, എളിമ.

(വരികരൂഹക്കദശായേ!)

എളിമയെന്ന പരമപുണ്യം—തരണമിന്നമ്മേ.
നിൻെറ ചെറിയ മക്കൾക്ക

1 രക്ഷകൻെറ ജനനിതൻെറ
ദാസിയാകുവാൻ
കൊതിച്ചിരുന്ന കന്യകേ!
എളിമ...

2 ദൈവദൂതനോടു നാഥ—
നടിമയെന്നിദം
ചൊന്ന ദേവജനനിയേ!
എളിമ...

3 ദാസിതൻെറ എളിമദേവൻ
തൃക്കൺപാർത്തെന്നു
പാടിസ്തുതിച്ച നാഥ നീ!
എളിമ...

4 തകർന്നിഗളിതനെ ദൈവം
ഇങ്ങിനെ റൂഹാ
നിറഞ്ഞതരുളിനീയല്ലോ.
എളിമ...

## ൧൧ാം തിയതി, ക്ഷമ.

(ഈശോഹലേമിൻ കോൽ.)

1 ഒട്ടുകത്തോളം— ക്ഷമിപ്പവർക്ക
ലഭിക്കുംഭാഗ്യം— കഥിച്ചാനീശോ.
ദിവ്യാഭരണം— ക്ഷമയമ്മേ നീ
ചിന്തീടണമേ— എന്നും സുതരിൽ

2 ബേസ്ലഹംതൊട്ടു— ഗാഗുൽത്താവരെ
കാട്ടിയനിൻെറ— ക്ഷമയോർത്തു നീ. ദിവ്യാഭരണം.

3 അമ്മേനാൾക്കുനാൾ– പിന്മാറീടാതെ
നിന്മക്കളെല്ലാം– നന്മയിലേറാൻ. ദിവ്യാഭരണം.

## ൩ാം തീയതി, കീഴ്‌വഴക്കം.

(അത്ഭുതംകേൾ, അത്ഭുതംകേൾ ദേശികരേ)

കീഴ്വഴക്കത്തിനുടയ ദർപ്പണമേ– ഇന്നു
ഈമഹാ പുണ്യം നിൻമക്കൾക്കേകീടേണമേ.

1 ശൈശവത്തിൽ ദൈവത്തിനു പൂജയായിട്ടു– ചെന്നു
ദേവവീട്ടിൽവാണുകൊണ്ട ദിവ്യപൈതലേ!– കീഴ്വഴ.

2 നാഥനുള്ള ദാസിയാകും ഞാനിതായെന്നു– ചൊല്ലി
ദൂതവാക്യംകൈക്കൊണ്ടൊരു രാജകന്യകേ– കീഴ്വഴ...

3 നസ്രസ്സിങ്കൽ യൗസേപ്പിന്നു ഭക്തിപൂർവ്വം– നിത്യം
കീഴ്വഴങ്ങിപ്പാർത്തൊരു വിരക്തപത്നിയേ! കീഴ്വഴ...

4 ദിവ്യബാലനേയുംകൊണ്ടു ദേശാന്തരേ– മുദാ
ദേവചിത്തംകാത്തുവാണ ദേവമാതാവേ! കീഴ്വഴ...

5 നിത്യപിതാവിന്നു ബലിസ്ലീവയിന്മേൽ– നിന്റെ
സത്യസുതനെ നൽകിയ വ്യാകുലതായേ!– കീഴ്വഴക്ക...

## ൪ാം തീയതി, വിരക്തി.

(യെസൂദൾച്ചീസ് മെമ്മോരിയ.)

1 ഇന്നിതാ നിൻമക്കൾനിന്റെ
സന്നിധിയിൽ ശുദ്ധതയാം
പുണ്യമർത്ഥിച്ചീടുവാനായ്
വന്നു വണങ്ങീടുന്നമ്മേ!
നാഥേ! കാത്തുകൊള്ളേണമേ!

2 മൂന്നുതിരുവയസ്സിൽ നിൻ
കന്യാത്വത്തെ ദൈവത്തിന്നു
കാഴ്ചവച്ചതോർത്തീ മക്കൾ–
ക്കേകണമീ പുണ്യമമ്മേ!
നാഥേ!...

3 കന്നിമുദ്രാഭംഗമെന്യേ
നന്ദനനെ പെറ്റതായേ!
ആത്മദേഹശുദ്ധത നിൻ
ആത്മജർക്കു നൽകിടേണേ!
നാഥേ!...

4 എണ്ണമറ്റ പുണ്യവാന്മാർ
നിൻതുണകൊണ്ടീവിരക്തി
എന്ന നിധികാത്തപോലെ
ഞങ്ങൾക്കും നീ തുണയമ്മേ!
നാഥേ!...

## ൯ാം തീയതി. ദരിദ്രരുടെമേൽ അനുകമ്പ.

(ആവേമാരീസ് സ്റ്റെല്ലാ.)

1 ദാരിദ്ര്യക്കാരുടെ
സങ്കേതമേയമ്മേ!
ക്രൂരദരിദ്രരിൽ
ഞങ്ങൾക്കു നൽകണേ.

2 പാവപ്പെട്ട നിന്റെ
നസ്രസ്സവീട്ടിനെ
ഓർത്തീ ദിവ്യപുണ്യം
മക്കൾക്കു നൽകണേ!

3 സർവ്വത്തിൻ നാഥനെ
പുൽക്കൂടതിൽ പെററ
ദിവ്യകന്നിയമ്മേ!
ഞങ്ങൾക്കു നീ ധനം

4 മൃത്യുനേരത്തുനിൻ
സത്യകുമാരന്റെ
മെത്തയായ സ്ലീവാ
നിത്യസമ്പത്തിഹ.

## ൰ാം തീയതി, പരസ്നേഹം.

(ലുക്ക് ഡൌൺ ഓമദർ മേരീ.)

1 ഞങ്ങളേപ്പോൽ ക്രൂരോടു
ഭംഗമെന്ന്യേ നിത്യം
ഞങ്ങടെ സോദരരേ
സ്നേഹിപ്പാൻ തുണയ്ക്ക.

2 തമ്മിൽത്തമ്മിൽ സ്നേഹത്താൽ
നിൻമകന്റെ ശിഷ്യർ
ഇമ്മഹിയിൽ വിളങ്ങാൻ
ന്യായമാണു നാഥേ!

3 സോദരരോടു സ്നേഹം
കൂടാതൊരുവനിൽ
ദൈവസ്നേഹം വാഴാൻ
ആവതില്ലതായേ!

4 ജനകൻ സുതൻ റൂഹാ
ഏകമെന്നപോൽ നിൻ
ജനവുമൊന്നായ് വാഴാൻ
ജനനീ നീ തുണ!

## ൰൧ാം തീയതി, വിവേകം.

(ദിനേ ദിനേ)

1 വിവേകപതിമണിയായ നിർമ്മല
കന്യകയാം മറിയേ!
ദിവാനിശം നിജമക്കളാകവെ
സർവ്വമരിന്നു സമം
വിവേകമോടഥപ്രാവിനൊത്തൊരു
ശുദ്ധതയോടുമിനീ

നവീനമായൊരു ജീവിതത്തിനു
നീ തുണയാകണമേ!

2 ബുദ്ധിഹീനതയേറിയ കന്യക
മാൎക്കഭവിച്ചതുപോൽ
എത്തിടാതെ വിളക്കോടുകൂടവെ
യെണ്ണയുമേന്തിയിവർ
ശ്രദ്ധപൂൎവ്വമനാരതമിങ്ങുമ-
ണാളനുടേവരവും
കാത്തുകൊണ്ടിനി വാണീടുമാറിഹ
നീ തുണയാകണമേ!!

## ൧൯ാം തീയതി, ശാന്തഗുണം.

(വീദ്യൂനാവീർജിനെല്ല,)

1 ശാന്തഗുണത്തിന്നുടെ
കാന്തിയീദിനം
ചിന്തണമമ്മേ നിൻെറ
സന്താനങ്ങൾക്കടേൻ
ഈക്ഷ്മാതലം
സകഷാലീപുണ്യമുള്ളോ-
ൎക്കക്ഷിണമേകുമെന്നു
രക്ഷകനരുളി

2 ഉള്ളേസമാധാനത്തേ
തേടുവോരെല്ലാം
ശാന്തനാമെന്നെയനു-
കരിച്ചുകൊള്ളട്ടെ
ഏപമമ്മ
ദിവ്യകുമാരനിശോ
ഏവക്കം പൊന്നതിനാ-
ലീവരം ലഭിച്ചുതാ

## ൧൨ാം തീയതി, ആശാനിഗ്രഹം.

(ഡെയിലി ഡെയിലിസിങ്ങ്ടുമേറി.)

1 അനുദിനം പരിത്യാഗം
മനമൊടു ചെയ്തു നിൻ
തനുജൻെറ കുരിശന്താൻ
അനുഗ്രഹിക്ക തായേ!

2 അഞ്ചിതമാം രക്ഷകൻെറ
അഞ്ചു തിരുക്കായങ്ങൾ
ഞങ്ങൾമെയ്യിൽ ധരിച്ചീടാൻ
ഭംഗമെന്യേ തുണയ്ക്ക.

3 ലോകത്തിന്നു കുരിശതിൽ
ഞങ്ങൾ തറയ്ക്കപ്പെട്ടും
ഞങ്ങൾ ലോകത്തിന്നു കുരി-
ശാകുവാനും തുണയ്ക്ക.

4 ഇനിമേലിൽ ജീവിപ്പതു
മിശിഹാ താൻ ഞങ്ങളിൽ
മരിച്ചവരായി വാഴാൻ
മറിയമ്മേ തുണയ്ക്ക.

## ൨൭ാം തിയതി, പഞ്ചേന്ദ്ര്യാടക്കം.

(ടുജീസസ് ഫാർട്ടു' ഓൾബർനിങ്ങ്)

1 മർത്ത്യമനോമന്ദിരേ
മൃത്യുവെത്തിടുന്ന
അത്യനർത്ഥദ്വാരമാം
ഇന്ദ്ര്യമൊക്കെ ഞങ്ങൾ

വിമലകന്യകേ
അമലജേ സദാ
കരുതിയിഹ കാപ്പാൻ
കരുണചിന്തണേ.

2 വദനമതിനമ്മേ
കതകഥപൂട്ടേൻ
നയനമതനും നീ
ദയവൊടുതന്നു വിമല...

3 പരമവചനാഖ്യം
എരിവെഴും ഖഡ്ഗം
വിരവിനൊടു നാവിൽ
ധരിച്ചു നിത്യവും. വിമല...

## ൨൮ാം തീയതി, നിഷ്ക്കപടത.

(കേരളത്തിലിയലുന്ന കന്മല.)

1 പ്രാവുപോലവെ കട്ടൊഴിഞ്ഞൊരു മാനുഷർക്കു സദാ ഭുവി
കാവലാകിയ രാജ്ഞിയാമമലോത്ഭവേ! വിമലോത്തമേ!
താവകാത്മജരായൊരീയിവർ നിഷ്കളങ്കതയോടിനി
ജീവിതം തുടരുന്നതിന്നു തുണെക്കണേ മറിയമ്മയേ!
2 കൊച്ചുകുഞ്ഞിനൊടൊത്ത നിഷ്കപടാശയത്തൊടുകൂടവേ
ദോഷമൊക്കെയൊക്കെ വെടിഞ്ഞു നിർമ്മലകന്മലാചലമകിലും
മെച്ചമാകിയ മുന്തിരിപ്പഴമന്നമറവു ഭുജിച്ചുടൻ
അച്ഛരമാം നിജകാപ്പതൻ തണലെത്തുമാറു തുണെക്കണേ.

## ൨൯ാംതിയതി, ജപധ്യാനവരം

(അയിൽ എവേ അയിൽ എവേ ടുദി പ്രോമിസ് ലാൻഡ്)

ധ്യാനത്തിൻദാനമേകു തരണമമ്മേ!
1 ഇന്നേദിനം നിന്നുടയബാലർക്കു
ധന്യമാമീ ദാനമില്ലാതെ
മന്നിൽ വാസമെന്തഹോ! ധ്യാനത്തിൻ ...
2 വിശ്വാസത്തോടവേ ക്ഷിപ്പതേതുമേ

വിശ്വനാഥനേകുമിങ്ങനെ
തീർച്ചചൊല്ലി രക്ഷകൻ ധ്യാനത്തിൻ ...
3 ജപതപംകൊണ്ടല്ലാതെ മാറാത്ത
ആപത്തെഴും ബാധനീക്കുവാൻ
പാപികളാം മക്കൾക്കു ധ്യാനത്തിൻ...
4 നിർമ്മലമാം പ്രാർത്ഥന തൻസൽഫലം
നിന്മക്കൾ ഭുജിച്ചു നിത്യവും
നന്മയതിലേറുവാൻ ധ്യാനത്തിൻ.

## ൧൩ ാം തീയതി, ദൈവയോർമ്മ.

(പ്രെയിസ് മൈ സൊവ്ൾ യൂവർ മദേർസ് നെയിം.)

1 സർവ്വവ്യാപിയായിട്ടും
ദേവകണ്ണുകൾക്കുമുൻ
ജീവിതം നയിക്കുവാൻ
ദിവ്യകന്യ നീ തുണ!

2 ബോധമായതെപ്പൊഴും
കത്തിടുന്ന തീയുടെ
ജ്വാലപോലെ മേലിലേ-
ക്കാളുമാറു നീ തുണ!

3 ഏതിടത്തിലോ നിധി
ചിന്തയൊക്കെയായിടം
എന്നപോലെ നാഥനേ
തോന്നുമാറു നീ തുണ!

4 ദേഹം ഭുവിയെങ്കിലും
ദേഹികൊണ്ടു വിണ്ണതിൽ
സത്യമായി വാഴുവാൻ
നിത്യകന്നി നീ തുണ!

## ൧൪ ാം തീയതി, നിയോഗശുദ്ധത.

(അമ്പരനേ ആരണനേ)

കന്നിയമ്മേയിന്നു ചെമ്മേ
തനുജരേ തുണച്ചിടണേ
ഇവരുടെയക്രിയകളെല്ലാം
ദേവനായ്ച്ചെയ്യരുളാൻ

1 വിണ്ണിലേക്കു കണ്ണില്ലാതെ
മനുജനുടെ പ്രവൃത്തി
നിത്യഫലമെഴുന്നതായി
വരുവതെങ്ങിനെ തായെ!
കന്നിയമ്മേ...

2 മാനുഷന്റെ മാനംനേടി
ചെയ്കയാൽവിധിദിവസം
കൂലിതന്നു പോയിതെന്നു
നാഥനോതീടായ്വാൻ. കന്നി..

3 നല്ലവിത്ത അല്ലിൽവന്നു
അരിജനം പെറുക്കാതെ
നൂറുവിളവേകിടുന്ന
പരമനിലമാകാൻ.
കന്നിയമ്മേ...

## ൨൰൭ാം തീയതി, പാപത്തിന്മേൽ വെറുപ്പ്.

(സ്തുതി തിങ്ങിയ പരമണ്ഡല.)

മറിയമ്മയെ! നിറന്നവളെ!
നിജനന്ദനരിനിമേൽ
ഭുവികന്മഷമതുസന്തത-
മറപ്പാനിഹ തുണെക്ക.

1 ഉയിരോ പുനരുടലോ
കുലബലമോ നലഗുണമോ
മുടിവാകിലുമൊരുപാപമ-
തൊരുനാളുമെഴാതെ— മറി..

2 ഒരുപാതകകൃതിമേതരും
സുരലോകവും നിഷിച്ചു
ചെറുപാതകമറച്ചാൽ വരും
നരകാഗ്നിയും കൊതിച്ചു—മ..

3 അമലോത്ഭവമനുജോത്തമ
നിജവൈരിനുചേരും
വിമലാത്മജരിവരായിഹ
സതതം വിലസിടുവാൻ—മ..

## ൨൰൮ാം തീയതി, തപസ്സിന്റെ അരൂപി.

(ഹെയിൽ ഹോളി ജോസഫ് ഹെയിൽ)

അമ്മേ തപസ്സിന്റെ
നിർമ്മായമാം വരം
ചെമ്മെ പൊഴിയണേ
നിന്മക്കൾ മേലിന്നു.

1 കീഴംശമെപ്പോഴും
ചെയ്യും രണമതിൽ
മേലംശമായതു
തോല്ക്കാതിരിക്കുവാൻ—അമ്മേ

2 പാപത്തിനുള്ളൊരു
തീരാത്ത ശിക്ഷകൾ
ലോകത്തിൽവച്ചിടം
ഭാരം കുറക്കുവാൻ— അമ്മേ..

3 രക്ഷകൻ തന്നുടെ
കായങ്ങൾ മേനിയിൽ
ഇക്ഷിതിയിൽ നിന്റെ
പുത്രരുടക്കുവാൻ— അമ്മേ..

## ൩൰ാം തീയതി, ദുഃഖസങ്കടങ്ങളിൽ ധൈര്യം.

(നിനക്കായെൻ ജീവനേ മരക്കുരിശിൽ)

തുണച്ചീടുക വ്യാകുല ജല-
നിധിയിൽ നീന്തിയ ജനനീ!

1 നരർക്കുവേണ്ടി നിൻതിരുക്കുമാരകൻ
സഹിച്ച പാടുകൾ നിനച്ചു
വരുന്ന കൈപ്പേറും കുരിശതെപ്പൊഴും
പെരുത്തമോദമൊടെടുപ്പാൻ— തുണച്ചീടുക...

2 കട്ടത്തവാളുനിൻ ഹൃദയത്തെ മുറി-
പ്പെടുത്തിയെന്നതു കരുതി– വരുന്ന കൈപ്പെഴും...
3 കരുണയേറുന്ന പരമനാഥൻ ത-
ന്നരുളും ദാനമെന്നോർത്തു– വരുന്ന കൈപ്പെഴും...
4 കനകമഗ്നിയിൽ വിശുദ്ധമാകുംപടം
വിധമിതെന്നുള്ളിലുറച്ചു– വരുന്ന കൈപ്പെഴും...

## ൨൫-ാം തീയതി, മേലധികാരികളോടുള്ള മനോയോജ്യത.

(ദേവമാതാവെ പരിശുദ്ധ കന്യാസ്ത്രിയേ)

ശ്രേഷ്ഠന്മാരുടെ മനോ
ദൃഷ്ടിക്കു കീഴെപ്പെഴും
പെട്ടുനിന്നീടുവാനമ്മേ!
ഇഷ്ടമോടെ തുണെക്കൂ.
1 കാണപ്പെട്ട ദൈവമീ
ക്ഷോണിതന്നിലവരാം
പ്രാണനും വെറുമേനാകാ-
ത്തോണമന്ധരെന്നപോൽ.
ശ്രേഷ്ഠ...

2 യാതൊരുത്തൻ നിങ്ങൾക്കു
കാതു നൽകുന്നെങ്കിലോ
ഭേദമില്ലാതെനിക്കെന്നു
നാഥനാൽ വേദോക്തമാം.
ശ്രേഷ്ഠന്മാ...
3 സർവ്വമാനുഷർക്കുമേ
ദേവചിത്താനന്ദത്തെ
ഉർവ്വിയിൽ പ്രത്യക്ഷമാക്കും
ദിവ്യദർപ്പണമതാം– ശ്രേഷ്ഠ...

## ൨൬-ാം തീയതി, പ്രമാണങ്ങളുടെ അനുഷ്ഠാനം.

(സ വീററ് ലി ദി സേർവിസ് ബെൽ)

1 നിത്യപിതാവു താൻ
മർത്യർക്കിഹ
കാട്ടിയിരിക്കുന്ന
കോട്ടയതാം
ദൈവപ്രമാണങ്ങൾ
ഊനംവിനാ
കാത്തുവാണീടുവാൻ
അമ്മേ തുണ.

2 സ്ലീവായിൽ ഞങ്ങളേ
ചേർത്തുകെട്ടും
ദിവ്യസ്നേഹത്തിൻെറ
ബന്ധനമാം– ദൈവപ്രമാ...
3 സത്യദൈവത്തിൻെറ
ദാസരെന്നു
ഞങ്ങളെക്കാട്ടുന്ന
ലക്ഷണമാം– ദൈവപ്രമാ...

4 അല്പകാര്യങ്ങളെ
കാക്കാതവൻ
കെല്ലെഴും കുററത്തിൽ
വീണിടുമേ— ദൈവപ്രമാ...

## ൨൩ാം തിയതി,

## ദൈവശുശ്രൂഷയിലുളള എരിവു്.

(കാക്ക കാക്ക ദേവതിരുകരുണ നിറഞ്ഞ)

ഇന്നേദിനം ക്രൂശോടു നീ
തനയരാകുമിവക്കു
ഏലിയായുടെ ദിവ്യ
തീയെരിയുമരൂപി
കമ്മേലനാഥേ— നിമ്മലതായേ!
തരണം— തരണം.

1 മറിയത്തോടുകൂടെ നാഥന്റെ
പാദത്തിങ്കൽ വാണും
മത്താതന്നടെവേലജോലികൾ
ചെയ്തുകൊണ്ടുമമരാൻ—
കമ്മേലനാഥേ...

2 ഇരുളാകവേ നീങ്ങിക്കേരളം
വെളിവിൻപാരിടമായ് (കേള
തിരിപാൻനിന്റെറ ചെറിയമ—
കരുവായിട്ടുവരുവാൻ—
കമ്മേലനാഥേ...

## ൨൪ാം തിയതി,

## ആത്മരക്ഷമേൽ ശുഷ്കാന്തി.

(ഓ ഐകുഡ്"വീപ്പ് ഫോർ മേർത്ത്)

1 ആടു നൂറിലൊന്നുതെററി
കാട്ടുകേറിടവേ
തേടിവന്ന നല്ല മേഷ
പാലകശിഷ്യരാം.

ഞങ്ങൾക്കുമേമയാത്മരക്ഷ
എന്നൊരീവേലയിൽ
എരിവെഴും അരൂപി നീ
തന്നീടണം തന്നീടണം.

2 ആത്മനാശമല്ല നല്ല
മർത്യരക്ഷതേടി
വന്ന ലോകരക്ഷകന്റെ
ശിഷ്യരായിടുന്ന— ഞങ്ങൾ...

3 ഏകപാപി നൽവഴിക്കു
തിരിയുമ്പോൾ മോക്ഷം
തെളിഞ്ഞീടുമെന്നുചൊന്ന
നാഥനുദാസരാം— ഞങ്ങൾ...

## ൨൭-ാം തീയതി.

## യൌസേപ്പുപിതാവിന്റെമേൽ ഭക്തി.

(മാറൻ ഈശോ മൽക്കാസ് ഗീദാ)

മാർയൌസേപ്പുപിതാവിന്മേൽ
ക്രൂരമ്മെ നൽകണേ സദാ.

1 നിത്യപിതാവിന്റെ പേക്ഷ
പുത്രൻതന്നെക്കാത്തധന്യൻ–
മാർയൌസേ...

2 ശുദ്ധാത്മാവിൻ പത്നിയാകും
നിൻവിരക്ത മണാളൻതാൻ
മാർ യൌസേ...

3 മോക്ഷകല്ലാൽ മൂടപ്പെട്ട
നീതിമാനാം മരതകം
മാർ യൌസേ...

4 അമ്മത്രേസ്യായുടെ മകൾ
ചാരുംകാർമ്മേൽ മലസ്സൂളുൺ
മാർ യൌസേ...

5 മൃത്യുനേര മഹായുദ്ധേ
കാത്തീടുന്ന മഹായോദ്ധാ.
മാർ യൌസേ...

## ൨൮-ാം തീയതി.

## ശുദ്ധ കുർബാനയുടെ ഭക്തി.

(അദേസ്തേഫിദേലെസ്.)

1 ആകാശഭോജനം
ആയദിവ്യനന്മ
എന്നാളും തിന്നീടുവാനാശ
ധാത്രീതലേനിൻ
ആത്മജർക്കാകവേ
അമ്മേതന്നീടേണേ നീ
അമ്മേ തന്നീടേണേ നീ
അമ്മേ തന്നീടേണേ നീ ഈദിനം

2 ഭൂലോകകാനനേ
വീണജീവനേകും
മന്നായെ ആത്മാവിലെപ്പോഴും
സൂക്ഷിച്ചിടാനായ്
സ്നേഹത്തിന്റെ ദാനം
അമ്മേ തന്നീടേണേ നീ. ...

## ൨൯-ാം തീയതി.

## ഈശോയുടെ തിരുഹൃദയത്തോടുള്ള ഒന്നിപ്പ്.

(നിർമ്മലനായകനേ ഭുവനേശ്വരാ!)

സ്നേഹത്താലൊന്നിപ്പിക്ക– മറിയമ്മേ! നീ
സ്നേഹത്താലൊന്നിപ്പിക്ക.

1 കത്തിടും ചൂളയാം നിത്യവചനത്തിൻ
ഹൃത്തടത്തൊടിവരെ— മറിയമ്മേ നീ...
2 വിട്ടകലാതിനി— പുഷ്ടകുതൂഹലം
നിഷ്ഠയൊടൊത്തമരാൻ— മറിയമ്മേ നീ...
3 ലോകത്തിലാകിലും— മോക്ഷത്തിലെന്നൊരു
പാകത്തിലതിൽ വാഴാൻ— മറിയമ്മേ നീ. ...
4 ഞങ്ങടെയൻപനു— ഞങ്ങളുമൻപൻ
ഞങ്ങൾക്കമ്മായിട്ടുവാൻ— മറിയമ്മേ നീ. ...

## ൨൭-ാം തീയതി, നന്മയിൽ നിലനില്പ്.

(ശ്ലാംലേക് മല്കൂസ് ശ്മയ്യാനേ)

1 ക്രൂരോടേ നിൻമുമ്പാകെ    അന്ത്യത്തോളം പുണ്യ
കന്നിയമ്മേ!    മാർഗ്ഗത്തിങ്കൽ പൂണ്ണ്
കൊച്ചുമക്കൾ വന്നിതാ    ധൈര്യത്തോടു നിന്നീടാൻ
കന്നിയമ്മേ!    അമ്മേ! അമ്മേ! അമ്മേ! തുണനീ.
2 പോരുചെയ്തു കിരീടം— കന്നിയമ്മേ!
ഒടുക്കത്തിൽ കട്ടീടാൻ— കന്നിയമ്മേ!
അന്ത്യത്തോളം...
3 ദുഷ്ടസർപ്പംമക്കളേ— കന്നിയമ്മേ!
തട്ടിക്കീഴിലാക്കാതെ— കന്നിയമ്മേ!
അന്ത്യത്തോളം...

## ൨൮ാം തീയതി,

## ദൈവത്തെക്കാണ്മാനുള്ള ആഗ്രഹം.

(ശ്രുകണശോഭിത താരകമേ)

പരമദേവനേ കാണുമഹോ! ജനനീമണിയേ!
1 ഹാവാടെ മക്കൾ ഞങ്ങൾ— നിന്നോടുകൂടെയങ്ങു
അഖില ഭാഗ്യത്തിൽവന്നു—എന്നിനി— പരമ...
2 പരദേശമിതുവിട്ടു— ജന്മരാജ്യത്തുനിന്റെ
മടിയിലിരുന്നുകൊണ്ടു— എന്നിനി— പരമ...

3 സുമനോഗ്ഗണത്തിൻ റാണീ– വല്ലഭമെഴം പാണീ
തനയരിവരുമെല്ലാം– എന്നിനീ– പരമ...
4 പുണ്യവാന്മാരുടേയ – ആനന്ദമായ താരയേ!
ഞങ്ങളുമവരൊത്തു– എന്നിനീ– പരമ...

## ൩൦–ാം തീയതി. നല്ലമരണം.

(രക്ഷനാശ്രയാകമെൻെറ മോക്ഷരാജ്ഞിയേ!)

ദൈവദൂതന്മാരുടേയ– രാജ്ഞിയാമമ്മേ!
മൃത്യുനേരമവരോടുകൂടെ നീ വന്നു.
അ–മ്മേ–അന്തികത്തിൽ നിന്നുകൊള്ളണേ.
1 മാർ യൌസേപ്പു തന്നുടയ– അന്ത്യനേരത്തിൽ
കൂറൊടു നീ ചെയ്തു തുണയൊത്തു മക്കളേ
കാ–ത്തു–കൊൾവതിന്നു വല്ലഭമെഴം– ദൈവ...
2 ഗാഗുൽത്തായിൽ സ്ലീവാതൻെറ–കീഴനിന്നുനീ
വെട്ടവ്യാകുലങ്ങളോത്തു തുഷ്ടിയോടുടൻ
ര–ക്ഷ–നന്ദനക്കു തന്നിടാനായി– ദൈവ...
3 ദാവിദിൻെറ കോട്ടയേ നീ–ഘോരയുദ്ധത്തിൽ
ദുഷ്ടസർപ്പംതന്നെ ദൂരെ പായിച്ചുകൊണ്ടു
ജ–യം–നിൻ സുതക്കു നൽകിടാനായി– ദൈവ...

## ൩൧–ാം തീയതി. മോക്ഷഭാഗ്യം.

(രൂൾ ബ്രിട്ടാനിയാ.)

1 ക്ഷോണിവാസികൾ കണ്ണാലെ
കാണാത്തുള്ളതുമായവർ
കർണ്ണങ്ങൾ കേട്ടിടാത്തതും
വിണ്ണിൻെറ ഭാഗ്യപൂരമേ!
ഓ! ഭാഗ്യമേ! ഭാഗ്യം ഞങ്ങൾക്കമ്മേ!
വേഗാൽ നൽകീടണേ!

2 ദിവ്യകുഞ്ഞാടുതൻപിമ്പേ
സർവ്വനേരവുമൻപൊടേ

ഗാനവും വാദ്യഘോഷവും
ചേൎന്നകമ്പടി പോയിട്ടു— ഒ — ഭാഗ്യമേ!

3 ജീവൻെറ വൃക്ഷമായിട്ടും
രണ്ടാമാദവു,മവ്വായും
വാണീടും മൃത്യുവില്ലാത്ത
പറുദീസായിങ്കലെത്തുവാൻ— ഓ— ഭാഗ്യമേ!...

## ഉപകാരസ്മരണ.

(സ്വൎഗ്ഗരാജ്ഞിയേ നിൻപാദാംബുജേ വന്നേൻ)

നന്ദിചൊൽവാനായ് ഞങ്ങൾ — വന്നിടുന്നമ്മേ!

1 അന്തമററു നിൻ സന്തതിക്കു നീ — സന്തതവുമീമാസത്തിൽ
ചി—ന്തി—യ—നിൻ നന്മസ്സായ്— നന്ദിചൊൽ...

2 ഓൎമ്മ ബുദ്ധികൾ—ദേഹശക്തികൾ — ഒക്കവേ നിനക്കായിഹ
കാ—ൎയ്യ—യാ—യി വച്ചിടാം — നന്ദിചൊൽ ...

3 വേലജോലികൾ പാടുപീഡകൾ — സൎവ്വവും നിജപാദത്തിൽ
വ—യ്ക്കു—വേ—നൽ—ഭക്തിയാ— നന്ദിചൊൽ...

4 രക്ഷകൻെറ വികാരിതൊട്ടിഹ— വേദപാലകരേ സദാ
കാ—ത്തു—കൊൾ—ക നിത്യവും. നന്ദിചൊൽ...

5 ഭിന്നതങ്ങളൊഴിഞ്ഞു മാനുഷ— രൊന്നു ചേൎന്നിടുവാൻ തുണ
ചെ—യ്യു—ണേ— നീ വേഗത്തിൽ— നന്ദിചൊൽ...

സമാപ്തം.

Printed and Published for the Proprietor by P.K. Joseph at
St. Josehp's Press, Mannanam 1921.

# യാക്കോബായസഭ.

'കുസുമ' ഗ്രന്ഥാവലി ഒന്നാം പുസ്തകം കോട്ടയത്തു എത്തിക്കഴിഞ്ഞയുടനെ ഞങ്ങളുടെ ഒരു മാന്യസ്നേഹിതൻ അവിടെ നിന്നു ഇങ്ങനെ എഴുതിയിരിക്കുന്നു. "യാക്കോബായസഭ" എന്ന പുസ്തകം ആ കൂട്ടരുടെ ഇടയിൽ വലിയ ക്ഷോഭത്തിനു കാരണമായിത്തീൎന്നിരിക്കയാണ്. അതിൻെറ മറുപടി ഉടനെ ഉണ്ടാകുന്ന ലക്ഷണം കാണുന്നുണ്ട്....." വളരെ നല്ലകാൎയ്യം തന്നെ. അതാണ് ഞങ്ങളും ആഗ്രഹിക്കുന്നതു്. എന്നാൽ ഒരു കാൎയ്യം നേരത്തെ ഞങ്ങൾക്കു പറവാനുണ്ട്. യാക്കോബായ സഭയെപ്പററി ഞങ്ങളുടെ ലഘുലേഖയിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ചു വിപരീതാഭിപ്രായം പറവാനുണ്ടായിരുന്നാൽ, കാൎയ്യവിവരമുള്ള മാന്യന്മാർ ആരെങ്കിലും പേരുവച്ചു ലേഖനങ്ങളൊ, ലഘുലേഖകളോ പ്രസിദ്ധപ്പെടുത്തട്ടെ. ഞങ്ങൾ അതിന്നു തക്ക സമാധാനം പറയുന്നതാണ്. കാൎയ്യം സമ്മതമായാൽ തദനുസരണം പ്രവൃത്തിക്കുന്നതിന്നും ഒരുക്കമുണ്ടായിരിക്കണം. ഇതു രണ്ടിനും സമ്മതമില്ലാത്തപക്ഷം മുന്പു പലപ്പോഴും ഉണ്ടായിട്ടുള്ളതുപോലെ കടലാസും മഷിയും സമയവും നഷ്ടപ്പെടുത്തുന്നതിന്നു ഞങ്ങൾ തയാറില്ലെന്നുള്ള വിവരം നേരത്തെ അറിയിച്ചുകൊള്ളുന്നു.

## സഹായിക്കണം.

സമുദായാഭിമാനികളായ മഹാത്മാക്കളുടെ സഹായത്തിന്മേൽ ഒട്ടധികം ആശ്രയിച്ചുകൊണ്ടാണ് 'കുസുമം' ഈ ഗ്രന്ഥാവലി പ്രസിദ്ധീകരണത്തിനു ഉദ്യമിച്ചിട്ടുള്ളതെന്നു പ്രത്യേകിച്ചു പറയണമെന്നു തോന്നുന്നില്ല. അങ്ങനെയുള്ള സഹായസഹകരണങ്ങൾ ഉണ്ടാകുന്ന പക്ഷം നിൎവിഘ്നം ഈ ജോലി നിൎവഹിച്ചുപോകുന്നതിന്നു വേണ്ട സകല സൌകൎയ്യങ്ങളും ഇവിടെയുണ്ടെന്നുള്ളതും ആരെയും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. വരിപ്പണമായിട്ടും മററും മുൻകൂറു പണമടച്ചിട്ടുള്ളവരുടെ പേരുവിവരം 'കുസുമ'ത്തിൽ പ്രസിദ്ധം ചെയ്യുന്നുണ്ട്. ഓരോ രുപാ വീതമെങ്കിലും മുമ്പേറയച്ചുതന്നു ഈ വിധം ഞങ്ങളെ സഹായിക്കുന്നതിന്നു ആളുണ്ടാകുന്നതായാൽ അത്യന്തം പ്രയോജനകരമായ ഈ ഏൎപ്പാടു മേൽക്കുമേൽ അഭിവൃദ്ധിപ്പെടുത്തുന്നതിന്നു ഞങ്ങൾ യഥാശക്തി പരിശ്രമിക്കുന്നതാണ്— "ദേവമാതാവിൻെറ വണക്കമാസപ്പാട്ടുകൾ" രണ്ടാം നമ്പരായി ഇത്തവണ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.